# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 17-1767/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 17-1767/23 തീയ്യതി: 20/12/2023

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-12-2022 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 10-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 10-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ. ഓഡിറ്റ് ഓഫീസർ

രമാദേവി.കെ.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

മുഹമ്മദ് ഹിഷാം.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ലിക്സി അലക്സ്, ഓഡിറ്റർ

ഗോകുൽ.സി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോകുൽദാസ്.എം.എൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.റിഷി.കെ. | സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീമതി.സുനിത.സി.വി. | സെക്രട്ടറി | 05-05-2022 | 27-06-2022 |
| ശ്രീ.ഇ.വി.ഗിരീഷ് | സെക്രട്ടറി | 28-06-2022 | 18-07-2022 |
| ശ്രീ.സുനിൽ.വി.അബാസ് | സെക്രട്ടറി | 19-07-2022 | 30-09-2022 |
| ശ്രീമതി.കൊച്ചു നാരായണി.കെ.എസ്. | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത.സി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-06-2022 |
| ശ്രീമതി.പ്രസീജ | അസിസ്റ്റന്റ് സെക്രട്ടറി | 28-06-2022 | 31-08-2022 |
| ശ്രീമതി.സുനിത.സി.വി, | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2022 | 29-09-2022 |
| ശ്രുമതി.പ്രസീജ | അസിസ്റ്റന്റ് സെക്രട്ടറി | 30-09-2022 | 19-10-2022 |
| ശ്രീമതി.നിഷ.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി.ശബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 06-09-2022 |
| ശ്രീ.റഫീക്ക് ടിം | അസിസ്റ്റന്റ് എഞ്ചിനിയർ | 07-09-2022 | 31-03-2023 |
| ഡോ.ധനേഷ്.ടി.ആർ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.അനൂപ് ജിയോ ജോസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജുഷ മുരളി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സന്തോഷ്.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 13-06-2022 |
| ഡോ.നിഷ്മ ജോൺസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 14-06-2022 | 24-07-2022 |
| ഡോ.ശ്രീവിലാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-07-2022 | 02-01-2023 |
| ഡോ.അജി പുന്നൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 03-01-2023 | 02-03-2023 |
| ഡോ.ശിവാനി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 03-03-2023 | 31-03-2023 |
| ശ്രീമതി.രാധിക.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിജയകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബേബി ശ്യാമള | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീജ.എൽ. | വി.ഇ.ഒ.-I | 01-04-2022 | 31-10-2022 |
| ഒഴിവ് | വി.ഇ.ഒ -I | 01-11-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു | വി.ഇ.ഒ-II | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത സാമുവൽ | കൃഷി ഓഫീസർ | 01-04-2022 | 18-10-2022 |
| ശ്രീമതി.മേഘ്ന ബാബു | കൃഷി ഓഫീസർ | 19-10-2022 | 19-01-2023 |
| ശ്രീ.മുകുന്ദകുമാർ.സി. | കൃഷി ഓഫീസർ | 20-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല | 1-1-1 |
| 3 | അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ഡിമാന്റ് എൻട്രി യഥാസമയം നടത്തുന്നില്ല | 1-1-2 |
| 4 | B-10 ൽ ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പദ്ധതികൾക്കായി ലഭ്യമായ തുകകൾ ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല | 1-1-4 |
| 6 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ ILGMS മായി ബന്ധിപ്പിച്ചിട്ടില്ല | 1-1-6 |
| 8 | സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | കുടിശ്ശിക തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക - തുക കൃത്യമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 21 | വസ്തു നികുതി പരിഷ്കരണം 2023-അവലോകനം | 1-12 |
| 22 | ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നു | 1-12-1 |
| 23 | വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 1-12-2 |
| 24 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-12-3 |
| 25 | MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12-4 |
| 26 | വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ് | 1-12-5 |
| 27 | തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ് | 1-12-6 |
| 28 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-12-7 |
| 29 | തൊഴിൽ നികുതി പരിശോധന | 1-13 |
| 30 | ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല | 1-13-1 |
| 31 | നികുതിയേതര വരവുകൾ - അവലോകനം | 1-14 |
| 32 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-15 |
| 33 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-15-1 |
| 34 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-15-2 |
| 35 | 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-15-3 |
| 36 | വാടക പരിശോധന | 1-16 |

| | | |
|---|---|---|
| 37 | വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് | 1-16-1 |
| 38 | ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ് | 1-16-2 |
| 39 | വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല | 1-16-3 |
| 40 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-16-4 |
| 41 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് | 1-17 |
| 42 | കുടിവെള്ള ചാർജ്ജ് വരവ് | 1-17-1 |
| 43 | കുടിവെള്ളപദ്ധതികളുടെ പരിപാലനം- വരവിലുമധികം ചെലവ് | 1-17-2 |
| 44 | അങ്കണവാടി നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-18 |
| 45 | എ ബി സി പ്രോജക്ടിനായി തുക നല്കിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 46 | കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 47 | മെഡിക്കൽ ഓഫീസർ (ഹോമിയോ)-ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ സാമഗ്രികളും ലഭ്യമായിട്ടുള്ളതിൽ ഒരിനം ഭാഗികമായി മാത്രം സ്റ്റോക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-21 |
| 48 | വനിതകൾക്ക് ആട് വിതരണം ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല | 1-22 |
| 49 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-23 |
| 50 | കോക്ലിയാർ ഇംപ്ലാന്റേഷൻ–സാമൂഹ്യ സുരക്ഷമിഷന് തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 51 | എൻ ആർ ഇ ജി എസ് മെറ്റീരിയൽ പ്രവൃത്തികൾ–സപ്ലൈയറിൽ നിന്നും ജി എസ്ടി-ടിഡിഎസ് ഈടാക്കിയില്ല | 1-25 |
| 52 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | 1-26 |
| 53 | അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറേണ്ടതാണ് | 1-27 |
| 54 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 55 | രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നു | 1-29 |
| 56 | കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കുകയോ, സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുകയോ ചെയ്യുന്നില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നല്കിയത് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 8/29-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മങ്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 20-12-2023

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹21,76,261/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

₹16162574/- രൂപയാണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

**1-1-2 അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ഡിമാന്റ് എൻട്രി യഥാസമയം നടത്തുന്നില്ല**

അക്രൂവൽ അടിസ്ഥാനത്തിൽ എൻട്രി ആവശ്യമായ Property Tax Receivables പോലുള്ള ഇനങ്ങൾക്ക് യഥാസമയം ഡിമാന്റ് എൻട്രി നടത്തിയിട്ടില്ല.

**1-1-3 B-10 ൽ ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല**

Sundry Debtors ആയി നികുതി തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ (B-10) ൽ ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-4 മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പദ്ധതികൾക്കായി ലഭ്യമായ തുകകൾ ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല**

മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പദ്ധതികൾക്കായി ലഭ്യമായ ഷെയറുകളിൽ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല.

**1-1-5 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-6 ആസ്തി രജിസ്റ്റർ ILGMS മായി ബന്ധിപ്പിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ ആസ്തികൾ പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-7 സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

**1-1-8 കുടിശ്ശിക തുകകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരം കടമുറികളുടെ വാടകയിനത്തിൽ 21,665/-രൂപ കുടിശ്ശികയുണ്ട്. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം വാടക കുടിശ്ശികയില്ല.

**1-1-9 ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക - തുക കൃത്യമല്ല**

ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക - വാർഷിക കണക്ക് , സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകൾ തമ്മിൽ വ്യത്യാസം. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് | സഞ്ചയ സോഫ്റ്റ് വെയർ |
|---|---|
| ₹93,622/- | ₹1,03,492/- |

**1-2 ബജറ്റ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക്

ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

25-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

15-03-2023 ലെ തീരുമാനം നം.1/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 75,42,127 |
| തൻവർഷം വരവ് | 16,44,99,000 |
| ആകെ വരവ് | 17,20,41,127 |
| ചെലവ് | 17,09,45,000 |
| നീക്കിയിരിപ്പ് | 10,96,127 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,64,98,949 |
| വരവ് | 3,21,46,528 |
| ആകെ | 4,86,45,477 |
| ചെലവ് | 2,99,70,267 |
| നീക്കിയിരിപ്പ് | 1,86,75,210 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 13644000 | 13644000 | 12664558 | 979442 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 10833660 | 10833660 | 9741006 | 1092564 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 10629000 | 10629000 | 3963299 | 6665701 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 4570000 | 4570000 | 3018664 | 1551336 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 2103423 | 4591000 | 6694423 | 4044074** | 2650349 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied ) സ്പിൽ ഓവർ | 0 | 2155927 | 2155927 | 1765335 | 390592 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) ** | 196622 | 3337446 | 3730690 | 2670787 | 1059903 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) സ്പിൽ ഓവർ | 0 | 448829 | 448829 | 146033 | 302796 |

**നോട്ട്**

1)സി എഫ് സി ബാങ്ക് നീക്കിയിരിപ്പും RP-40(b) B-4 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 13807 രൂപ വ്യത്യാസം ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത 5789 തുകയും അടവാക്കേണ്ടതായ 8018 രൂപ റിക്കവറികളും ഉൾപ്പടെയുള്ളതാണ്

2)സി.എഫ്.സി TIED FUND ചെലവ് (I-6 ലെ 2,263,831 രൂപയും B3 യിലെ 165,322 രൂപും ചേർത്തത് യഥാർത്ഥ ചെലവ് ) വരവിൽ നിന്നും കുറയ്ക്കുമ്പോൾ വാർഷിക കണക്കപ്രകാരമുള്ള 2429153 വരാതിരുന്നതിനാൽ TRIAL Balance ലെ തുകയാണ് വാർഷിക കണക്കിലെ ചെലവായി ചേർത്തിട്ടുള്ളത്.

E-gramswaraj Report പ്രകാരം Tied സ്പിൽ ഓവർ ചെലവ് 176335, തൻവർഷചെലവ് 2,263,831 രൂപയുമാണ്.

* * CFC Basic ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വരവ് ചെലവ് വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. ആയത് വാർഷിക കണക്കിലെ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. മുൻ ബാക്കിയും നീക്കിയിരിപ്പും വാർഷിക കണക്ക് പ്രകാരമുള്ളതാണ് ചേർത്തത്. മേൽ വിവരിച്ച വ്യത്യാസങ്ങളുടെ കാരണം വ്യക്തമാക്കേണ്ടതാണ്.

**കേന്ദ്രാവിഷ്കൃതം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| സ്വച്ഛഭാരത് അഭിയാൻ TSC | 0 | 718655 | 718655 | 718655 | 0 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 0 | 210795 | 210795 | 197492 | 13303 |
| ഹെൽത്ത് ഗ്രാന്റ് (Wellness Centres) | 0 | 80979 | 80979 | 76377 | 4602 |
| ICDS | 783505 | 1322764 | 2106269 | 137828 | 1968441 |

**സംസ്ഥാനാവിഷ്കൃത പദ്ധതികൾ**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| ലൈഫ് ഭവനം – സംസ്ഥാന വിഹിതം | 40000 | 2000000 | 2040000 | 1040000 | 1000000 |
| സിദ്ധ | 5643 | 0 | 5643 | 0 | 5643 |
| ജലനിധി | 9429729 | 0 | 9429729 | 0 | 9429729 |
| സമ്പൂർണ ശുചിത്വം | 972816 | 0 | 972816 | 816511 | 156,305 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 103242690 | 133 | 47837321 | 0 | 36 | 78.69 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 133 എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 46.33% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5010336 | 4311848 | 86.05 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1205000 | 701874 | 58.24 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 1238161 | 1033528 | 83.47 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ | 22 | 20 | 49176656 | 11166004 | 22.70 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 6126743 | 5019069 | 81.92 |
| സെക്രട്ടറി | 23 | 21 | 3905976 | 2929603 | 75 |
| അസി.സെക്രട്ടറി | 5 | 5 | 2965322 | 2461966 | 83.02 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 86 | 56 | 30524496 | 17203104 | 56.35 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 980000 | 904981 | 92.34 |
| ഹെഡ്മാസ്റ്റർ | 3 | 3 | 910000 | 905344 | 99.48 |
| ആകെ | 169 | 133 | 103242690 | 47837321 | 46.33 |

തൻവർഷം നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. പ്രസ്തുത മേഖലയിൽ നിർവ്വഹിച്ച പദ്ധതിച്ചെലവ് 22.70 ശതമാനമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1 | 1204575 | 1204576 | 1201947 * | 2629 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 26313721 | 26313721 | 26313721 | 0 |
| ആകെ | 1 | 27518296 | 27518297 | 27515668 | 2629 |

*അഡ്മിൻ ചെലവ് I-14F ൽ ഭാഗികമായി മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിലെ I6+B3 പ്രകാരമുള്ള തുകയും I 14(C) + I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3618800 | 328 |
| 2 | വിധവാ പെൻഷൻ | 8474000 | 796 |
| 3 | വാർദ്ധക്യകാല പെൻഷൻ | 17980800 | 1855 |
| 4 | വികലാംഗ പെൻഷൻ | 2200400 | 209 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 794700 | 75 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2023 തീയ്യതിയിൽ 3pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 7491/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ പഞ്ചായത്തിന് ബാധ്യതയാകുന്നതിനാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ ഐ.എൽ.ജി.എം.എസ്സുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തു നികുതി ക്രമപ്രകാരം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് പകരം സമഗ്രമായി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്ന കുടിവെള്ള പദ്ധതികളിലെ ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. കൃത്യമായ കണക്കെടുത്ത് കുടിശ്ശിക ഈടാക്കേണ്ടതുണ്ട്. ബില്ലുകളിൽ നിന്നും നിയമാനുസൃതമായി ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകളാണ്

പരിശോധിച്ചിട്ടുള്ളത്. അഞ്ച് പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാനില്ല

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം**

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. മങ്കര ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, പൊളിച്ചു മാറ്റിയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവ് നൽകുക, ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുക, നികുതി നികുതിയേതര വിഭവങ്ങളുടെ പിരിവ് പുരോഗതി വിലയിരുത്തുക എന്നീ തീരുമാനങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് ഫണ്ടിന്റെ പ്രധാന ഘടകങ്ങളായ നികുതികൾ, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുവാനായി 2021-22, 2022-2023 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിക്കുകയുണ്ടായി.

**തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും**

ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതി നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് ഗ്രമപഞ്ചായത്തിന് വർഷങ്ങളായി ലഭിച്ചു വരുന്നത്. നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്നു വന്നിട്ടില്ല.

**ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം**

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങൾ ഓരോ വർഷവും ആവിഷ്ക്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്തിട്ടില്ല. നികുതിയേതര വരവുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ക്രിയാത്മക ചർച്ചയിലൂടെയാണ് വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

**കുടിശ്ശിക പിരിച്ചെടുക്കൽ**

2022-23 വർഷത്തിൽ 100% പിരിവ് എന്ന നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

**2023ലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല**

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. സഞ്ചയയിൽ 5% അടിസ്ഥാന നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും പുതിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടില്ല.

**അവലോകന യോഗങ്ങൾ**

ആറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

**ഓഡിറ്റിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**

1) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം 2023-അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) - കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

**2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങളും അവ നടപ്പാക്കിയതിന്റെ വിവരവും**

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം 15-05-2023 തീയതിക്കുള്ളിൽ അറിയിക്കാവുന്നതാണ്. എന്നാൽ ഫോറം 9B യിൽ നാളിതുവരെ 57 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തു ന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.

**ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. 3 ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി 2 പേരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആരും സന്നദ്ധത അറിയിച്ചിട്ടില്ല.

**ഇ) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്തരവുകൾ കണക്കിലെടുത്ത് 20/06/2023 തീയതിയിലെ ജെ സി5-1898/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 23/08/2023 തീയതിയിലെ ജെ സി5-1898/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

**എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല.

**ജി) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

**എച്ച്) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

യു.എ രജിസ്റ്റർ പ്രകാരം 2 അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

**ഐ) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ

നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. വസ്തു നികുതിയിനത്തിൽ 2022-23 വർഷം വരെ ₹ 1,03,492/- രൂപ കുടിശ്ശിക ഉണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

* ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/08.11.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12-1 ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നു

ILGMS ൽ ലഭ്യമായ 01.04.2022 മുതൽ 31.03.2023 വരെയുള്ള രസീതികളുടെ ക്യാൻസലേഷൻ റിപ്പോർട്ട് പ്രകാരം 54 രസീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ILGMS ൽ ക്യാൻസൽ ചെയ്ത പ്രിന്റർ ഫാൾട്ട് എന്ന് നൽകിയ 37 രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ പ്രിന്റർ ഫാൾട്ട് രസീതികൾക്ക് അതേ നമ്പറിൽ വീണ്ടും രസീതി നൽകുവാൻ സാധിക്കുന്നതായും ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നതായും ബോധ്യപ്പെട്ടു. ഏതാനും രസീതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ആയത് പരിശോധിച്ച് ഉചിതമായ പരിഷ്കരണം നടത്തേണ്ടതാണ്.

| Sl No. | Receipt No | Receipt Date | Amount ₹ |
|---|---|---|---|
| **1** | **1220300595** | **01.09.2022** | **1100** |
| 2 | **1220301630** | **15.12.2022** | **4846** |
| 3 | 1220301657 | 15.12.2022 | 1095 |

## 1-12-2 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

**എ) സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%

2. ജല വിതരണം - 3%

3. തെരുവു വിളക്കുകൾ - 2%

4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മങ്കര ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

**ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും**

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

തനത് വരുമാനം കുറവായ സാഹചര്യത്തിൽ വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-12-3 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല**

24.02.2015 ലെ സ.ഉ(അ) നം. 36/2015/ ത.സ്വഭ.വ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, മൈക്രോ സ്മാൾ ആൻറ് മീഡിയം എൻററ്പ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നിവയ്ക്കും സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കും വസ്തുനികുതി നിർണ്ണയിച്ച് ഭേദഗതി വരുത്തിയിരുന്നു. റസിഡൻഷ്യൽ ഹോംസ്റ്റേകളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആയത് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-12-4 MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ സേവനം, ഉത്പാദനം, നിർമ്മാണം എന്നീ മേഖലകളിൽ 52 സ്ഥാപനങ്ങൾ MSME വിഭാഗത്തിലുണ്ട്. 2022-23 വർഷത്തിൽ 12 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയയിൽ നിരക്ക് നിശ്ചയിക്കാത്തതിനാൽ യഥാർത്ഥ MSME കൾ മറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിവരുന്നത്. സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് യഥാർത്ഥ എം.എസ്.എം.ഇകൾ ആണെന്ന് ഉറപ്പാക്കി സഞ്ചയയിൽ ഉൾപ്പെടുത്താത്തതിന് മറുപടി നൽകേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

**1-12-5 വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ്**

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന

വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ കാലപ്പഴക്കം (വർഷം) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| 4/38 | 350 | 5 | 477 | 350*60 = 21000<br>വർദ്ധനവ് 20%(വഴിസൗകര്യം) - 4200<br>ഇളവ് 10%(മേൽക്കൂര) - 2100<br>വസ്തുനികുതി - 23100 |
| 4/346 | 130 | 5 | 515 | 130*60 = 7800<br>വർദ്ധനവ് - ഇല്ല<br>ഇളവ് 10%(വഴിസൗകര്യം) - 780<br>10%(മേഖല) - 780<br>10%(മേൽക്കൂര) - 780<br>വസ്തുനികുതി - 5460 |
| 11/237 | 167 | 8 | 502 | 167*60 = 10020<br>വർദ്ധനവ് - ഇല്ല<br>ഇളവ് 10%(മേഖല) - 1002<br>വസ്തുനികുതി - 9018 |

സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തീയതി 27-4-2015പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ,വ്യവസായ കെട്ടിങ്ങളുടെ വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ നികുതി വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാതെ നികുതി

നിർണ്ണയിക്കേണ്ടതാണ്. പുതിയ നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്. കെട്ടിടത്തിന്റെ കാലപ്പഴക്കം സഞ്ചയയിൽ രേഖപ്പെടുത്തിയത് പ്രകാരം മേൽ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കപ്പെട്ടതിനാൽ ചട്ടപ്രകാരമുള്ള നിരക്കാണ് ബാധകമായിട്ടുള്ളത്.

പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അതിന് ബാധകമായ വസ്തുനികുതി ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണ്. യഥാർത്ഥത്തിൽ ബാധകമായ വസ്തുനികുതി നിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-12-6 തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ്

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം തെറ്റായ നികുതി നിർണ്ണയമോ നഷ്ടമോ ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 8/116 | 106.54 |
| 2 | 8/123 | 130 |
| 3 | 8/197 | 150 |
| 4 | 10/222 | 320 |
| 5 | 10/323 | 120 |
| 6 | 11/268 | 112 |
| 7 | 11/296 | 182 |
| 8 | 11/300 | 232 |
| 9 | 11/499 | 180 |
| 10 | 14/172 | 125.5 |

പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തേണ്ടതാണ്.

### 1-12-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. സഞ്ചയ ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2022-23 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക ₹ 1,03,492/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | മൊബൈൽ ടവർ (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവി സ്തീർണ്ണം (ച.മീ) | സഞ്ചയയിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് | കുടിശ്ശിക | നിലവിലുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | 500രൂപ നിരക്കിൽ - ബാധകമായ ഇളവുകൾക്കും വർധനവുകൾക്കും ശേഷം) രൂപയിൽ | | |
| 1 | 5/444 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 12.57 | ₹ 7258 | 2013 - 2014 മുതൽ 2022-2023 വരെ | ₹ 69,120 |
| 2 | 9/401 | ബി എസ് എൻ എൽ | 19 | ₹ 7980 | 2018 - 2019 മുതൽ 2022-2023 വരെ | ₹ 34,372 |
| ആകെ | | | | | | ₹ 1,03,492 |

മേൽ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 1-12-1 മുതൽ 1-12-7 വരെയുള്ള ഖണ്ഡികളിൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/08.11.2023 നള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13 തൊഴിൽ നികുതി പരിശോധന**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി. മങ്കര ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 55 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്. തൊഴിൽനികുതി പിരിവ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 15/08.11.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-13-1 ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്. ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളിച്ച് ഡാറ്റാബേസ് തയ്യാറാക്കുവാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ**

2022-23 വർഷത്തിൽ 274 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 1,54,800രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**എ) ഫീസ് ഘടനയിലെ അവ്യക്തത**

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ

പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. അപ്രകാരം ഫീസ് നിശ്ചയിച്ചില്ലെങ്കിൽ പരമാവധി തുക ഈടാക്കേണ്ടതാണ്.

**ബി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും**

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്, 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 12 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**സി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ**

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**ഡി) ഡിമാന്റിന്റെ പൂർണ്ണത**

സഞ്ചയയിലെ ഡാറ്റ പ്രകാരം 1002 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 274 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

**ഇ) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം**

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ

ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

**2) വാടക**

പഞ്ചായത്തിന്റെ 2022 - 23 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ഓഡിറ്റോറിയവും എസ് സി വിപണന കേന്ദ്രത്തിലെ 5 മുറികളുമാണ് വാടകയ്ക്ക് നൽകുന്നത്. ഇവയിൽ നിന്നും വാടകയിനത്തിൽ യഥാക്രമം 7,79,500 രൂപ, 37262/-രൂപ തൻവർഷം വരവുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം മുറികളുടെ വാടക ഇനത്തിൽ 21,665/- രൂപ കുടിശ്ശികയുണ്ട്.

**3) മറ്റ് ലൈസൻസുകൾ**

**എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്**

കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷാ ഫീസ് 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 3050/- രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

**ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്**

കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

തൈക്കൂട്ടത്തിൽ ജോയ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിന് (കെട്ടിട നം.11/630) 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ആണ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് നം. 256/07-02-2023

അപേക്ഷ പ്രകാരം പ്രസ്തുത ഫാമിൽ 200 മൃഗങ്ങളാണുള്ളത്.

കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനു പകരം 1996 ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

**4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ**

തൻവർഷം 1,88,719 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 54,249 രൂപ ലഭ്യമായിട്ടുണ്ട്.

**സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം**

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല. ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

**5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ**

**രജിസ്ട്രേഷൻ**

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നില്ല. ഈ ഇനത്തിൽ വരവൊന്നുമില്ല.

**6) മറ്റ് വരവുകൾ**

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 29,761 രൂപ ലഭ്യമായിട്ടുണ്ട്.

ഫലവൃക്ഷങ്ങൾ, കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.
മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/09.11.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 17/08.11.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-15-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 274 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 14 വാർഡുകളിൽ 1002 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

### 1-15-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം

എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-15-3 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ്

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016 ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി : 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മങ്കര ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതോടൊപ്പമുള്ള മിക്ക അപേക്ഷകളിലേയും സത്യവാങ്മൂലത്തിൽ 50 മൈക്രോണിൽ കുറയാതെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയത് പുതുക്കി നിശ്ചയിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16 വാടക പരിശോധന

പഞ്ചായത്തിന്റെ 2022 - 23 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എസ് സി വിപണന കേന്ദ്രത്തിലെ 5 മുറികളാണ് (4/145, 4/146, 4/147, 4/147, 4/148) വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 24/09.11.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16-1 വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ നടത്തിപ്പിനായുള്ള ബൈലോ 2022-23 വർഷത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റേയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റേയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16-2 ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായുള്ള കരാറുകൾ പരിശോധിച്ചതിൽ ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമച്ചതായി കാണുന്നില്ല. ചട്ട പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ എല്ലാ വാടകക്കാരുമായും നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ നിയമപ്രകാരം സാധുതയുള്ള കാലയളവിലേയ്ക്ക് മാത്രം കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-16-3 വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ അതെ മാസ വാടകയ്ക്കാണ് 2022-23 സാമ്പത്തിക വർഷത്തിലും കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. 5% വാർഷിക വർദ്ധനവ് വരുത്താതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് മൂലം പഞ്ചായത്തിന് വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

### 1-16-4 വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ആകെ 21,665/- രൂപ (തൻവർഷ കുടിശ്ശിക - 0, മുൻവർഷങ്ങളിലെ കുടിശ്ശിക 21,665/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടക കുടിശ്ശികയുടെ വിവരം ചേർത്തിട്ടില്ല. വാടക ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്

കുടിവെള്ള പദ്ധതികളുടെ വരവ് -ചെലവ് കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. ഒരു കുടിവെള്ള പദ്ധതി മാത്രമാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് പിരിച്ചെടുക്കുന്നതിന്റെയും, നടത്തിപ്പിനുള്ള കറന്റ് ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവയ്ക്കായി തുക ചെലവഴിക്കുന്നതിന്റെയും വിശദവിവരം ഉപഖണ്ഡികകളായി ചേർക്കുന്നു. (എൻക്വയറി നം 20/9-11-2023)

### 1-17-1 കുടിവെള്ള ചാർജ്ജ് വരവ്

ഈ പദ്ധതിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുത്ത കുടിവെള്ള ചാർജ്ജിന്റെ വിവരം

| ഇനം | തുക |
|---|---|
| തൻവർഷവരവ് | 38280 |
| കുടിശ്ശിക | 11200 |
| ആകെ | 49480 |

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ 31.03.2023 വരെ 487090 രൂപ കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കേണ്ടതാണ് എന്നറിയിച്ച് എൻക്വയറി നം 20/9-11-2023 നല്കിയതിന് മറുപടി ലഭ്യമായില്ല. കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കാൻ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-17-2 കുടിവെള്ളപദ്ധതികളുടെ പരിപാലനം- വരവിലുമധികം ചെലവ്

ഈ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വന്നത് തൻവർഷം മൂന്ന് പ്രോജക്ടുകളിലൂടെയാണ് അടവാക്കിയിരിക്കുന്നത്. കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ അധികം പേരും എസ് സി വിഭാഗത്തിലുൾപ്പെട്ടവരാണ് എന്നതിനാൽ വികസന ഫണ്ട് എസ് സി പി-യിൽ നിന്നും തുക വകയിരുത്തി കുടിശ്ശിക ഒടുക്കുന്നതിനാണ് പ്രോജക്ട് 131/23-ൽ വിഭാവനം ചെയ്തത്. ഈ പ്രോജക്ട് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമാക്കുകയും എസ് സി പി ഫണ്ടിൽ നിന്നും ഇത്തരം കുടിശ്ശിക അടവാക്കാൻ തുക ഉപയോഗിക്കരുത് എന്നും നിർദേശിച്ചു. എസ് സി പി ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്യുന്നതിനാണ് രണ്ടു പ്രോജക്റ്റ് നടപ്പാക്കിയിരിക്കുന്നത്. ടി പ്രോജക്ടുകളുടെ ചെലവ് വിവരം :

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 191/23-കോട്ട | 172200 | 172193 | സ.ഉ.(സാധാ)നം |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി വൈദ്യുത ചാർജ്ജ് കുടിശ്ശിക അടവാക്കൽ (വികസന ഫണ്ട്- ജനറൽ) | | (ബിൽ നം 30/28-3-23) | -294/2023 /LSGD, 1-2-2023 പ്രകാരം നടപ്പാക്കിയത് (SCP ഫണ്ടിലേക്ക് റീക്ലൂപ്പ് ചെയ്തത്) |
| 2 | 131/23-കോട്ട കുടിവെള്ള പദ്ധതി വൈദ്യുത ചാർജ്ജ് അടവാക്കൽ (വികസന ഫണ്ട്- എസ്.സി.പി) | 197300 | 180343 1)ബിൽ നം 14/20-12-22 -₹.172193 2)ബിൽ നം 30/28-3-23- ₹.8150 | -- |
| 3 | 188/23- കോട്ട കുടിവെള്ള പദ്ധതി വൈദ്യുത ചാർജ്ജ് -സർചാർജ്ജ് അടവാക്കൽ (വികസന ഫണ്ട്- ജനറൽ) | 40000 | 37363 | സ.ഉ.(സാധാ)നം -294/2023 /LSGD, 1-2-2023 പ്രകാരം അടവാക്കിയത് |
| | ആകെ | 409500 | 389899 | |

പ്രോജക്ട് 131/23 പ്രകാരം എസ്. സി. പി ഫണ്ടിൽ 180343 രൂപ ചെലവഴിച്ചതിൽ ₹.172193 രൂപ മാത്രമാണ് ജനറലിൽ നിന്നും റീക്ലൂപ്പ് ചെയ്തിട്ടുള്ളത്. 8150 രൂപ എസ്. സി. പി ഫണ്ടിൽ നിന്നും ചെലവഴിച്ചത് റീക്ലൂപ്പ് ചെയ്തിട്ടില്ല. കുടിവെള്ളപദ്ധതികളുടെ നടത്തിപ്പിനായി എസ്. സി. പി. ഫണ്ട് ഉപയോഗിക്കാവുന്നതല്ല എന്ന് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 9-1-23 ലെ 4.60-ാം നമ്പർ തീരുമാനത്തിൽ നിർദേശിച്ചിട്ടുണ്ട്. തുക പൂർണമായി റീക്ലൂപ്പ് ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ കൂടാതെ കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട് . ഓഡിറ്റ് വർഷത്തിൽ പദ്ധതികളുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തൻവർഷത്തിൽ ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | **16488** |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 72800 |
| ആകെ | 89288 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിൽ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഇതിന്റെ നടത്തിപ്പ് ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി മാറുന്നതാണ്.

സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30. 05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8-2-2023ലെ 10(5) -ാം നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃസമിതി രൂപീകരിക്കാൻ നിശ്ചയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദവിവരം ലഭ്യമാക്കാൻ എൻക്വയറി (നം 20/9-11-2023 ) നൽകിയതിന് മറുപടി ലഭ്യമായില്ല

.

**ഓഡിറ്റ്നിർദേശം**

വ്യക്തിഗത/ഗാർഹിക കുടിവെള്ള കണക്ഷനുകൾ വ്യാപകമായി വരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് നടത്തുന്ന കുടിവെള്ള പദ്ധതികൾ ക്രമേണ ഒഴിവാക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

**1-18 അങ്കണവാടി നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

2022-23 വർഷത്തിൽ വെള്ളറോഡ് അങ്കണവാടിയ്ക്ക് സ്ഥലം വാങ്ങുന്നതിനായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട് .

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് -97/23- വെള്ളറോഡ് അങ്കണവാടിയ്ക്ക് സ്ഥലം വാങ്ങൽ

അടങ്കൽ- ₹.120000 (വികസന ഫണ്ട്-ജനറൽ)

ചെലവ് - ₹.120000 (വികസന ഫണ്ട്- ജനറൽ)

ബിൽ നം- 29/28-3-23- ₹.120000/-

വെള്ളറോഡ് അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലം ₹.120000 രൂപയ്ക്ക് ശ്രീമതി. കൊന്നയത്ത് ജാനകി എന്ന വ്യക്തിയിൽ നിന്നും മൂന്ന് സെന്റ് ഭൂമി വാങ്ങി ഗ്രാമപഞ്ചായത്തിന്റേതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് അങ്കണവാടി നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ICDS കേന്ദ്രവിഹിതം ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം 3/6-11-23 നല്കിയതിന് മറുപടി ലഭ്യമായില്ല. തുടർ വിവരം അറിയിക്കേണ്ടതാണ്.

**1-19 എ ബി സി പ്രോജക്ടിനായി തുക നല്കിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രോജക്ടിനായി തുക നല്കിയിട്ടുണ്ട്

| പ്രോജക്ട് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | സ്ഥാപനം |
|---|---|---|---|
| 172/23- എ ബി സി പ്രോഗ്രാം | 100000 വികസന ഫണ്ട് | 100000 ബിൽ നം 13/ | പാലക്കാട് ജില്ലാ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | (ജനറൽ) | 8/12/2022 | |

തെരുവു നായ്ക്കളുടെ പ്രജനനം, പേവിഷബാധ എന്നിവ നിയന്ത്രിക്കുന്നതിനുള്ള ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി നം 3/6-11-23 നല്കിയതിന് മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-20 കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ഏജൻസി |
|---|---|---|---|---|
| 1 | 91/23- തെരുവുവിളക്ക് – സ്ട്രീറ്റ് ലൈൻ വലിക്കൽ -തുടർച്ച | 366001 വികസന ഫണ്ട് (ജനറൽ) | 366001 ബിൽ നം 23/ 16/3/2023 | KSEB പത്തിരിപ്പാല സെക്ഷൻ |

ഗ്രാമ പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്ററിങ്ങ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തിരിപ്പാല സെക്ഷനു കീഴിലുള്ള വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക കെ. എസ്. ഇ. ബി യ്ക്ക് കൈമാറിയിട്ടുണ്ട്. സെക്രട്ടറിയും, കെ എസ് ഇ ബി അസി. എഞ്ചിനീയറും തമ്മിലുള്ള കരാർ ഉടമ്പടി നം 09-22/23, 25-3-2023 ലെ 6-ാം നമ്പർ വ്യവസ്ഥ അനുസരിച്ച് ടി പ്രവൃത്തി 27-9-2023-നകം പൂർത്തിയാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കരാറനുസരിച്ച് പ്രവൃത്തി പൂർത്തിയായോ എന്നും, പ്രോജക്ടിന്റെ നിലവില സ്ഥിതി എന്താണെന്നും അറിയിക്കേണ്ടതാണ്. നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം 3/6-11-23 നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-21 മെഡിക്കൽ ഓഫീസർ (ഹോമിയോ)-ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ സാമഗ്രികളും ലഭ്യമായിട്ടുള്ളതിൽ ഒരിനം ഭാഗികമായി മാത്രം സ്റ്റോക്കിൽ രേഖപെടുത്തിയിരിക്കുന്നു

പ്രോജക്ട് - 26/23 - ഹോമിയോപ്പതി ആശുപത്രിക്ക് മരുന്നു വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ - ഹോമിയോ

അടങ്കൽ - 200000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 200000 രൂപ (ബിൽ നം.1/20-2-2023 -200000 രൂപ)

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ ഡിസ്പെൻസറിയിലേക്ക്

ആവശ്യമായ മരുന്നുകൾ, ഡിസ്പെൻസിംഗ് സാമഗ്രികൾ എന്നിവ ഹോംകോയിൽ നിന്ന് വാങ്ങുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച മേൽ പ്രോജക്ടിൽ ആയതിനായി 200000 രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ ഹോമിയോ യുടെ 3-1-2023 തിയതിയിലെ നോൺ അവെയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ - ഓപ്പറേറ്റീവ് ഫാർമസി ലിമി. നിന്ന് മരുന്ന വാങ്ങുന്നതിനായി 200000 രൂപ 17-4-2023 തിയതിയിൽ NEFT വഴി തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് - LF-1776 തിയതി - 19-10-2023 പ്രകാരം 105823 രൂപയുടേയും , ഇൻവോയ്സ് LF – 969 തിയതി - 11-8-2023 പ്രകാരം 94177 രൂപയുടേയും മരുന്നുകളും സാമഗ്രികളും രണ്ടു തവണകളായി ഹോംകൊയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ LF-1776 ഇൻവോയ്സ് പ്രകാരം ലഭ്യമായതിൽ ക്രമനം.20 – 7ml ഗ്ലാസ് ബോട്ടിൽ 4608 എണ്ണം 2.20 രൂപ (ഒരെണ്ണത്തിന്) - 32 ബോക്സ് എന്ന രീതിയിൽ 11962.37 രൂപ (SGST + CGST തുക ചേർത്ത്) ലഭ്യമാക്കിയതായിട്ടാണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ ഇനത്തിന്റെ 16 ബോക്സ് ലഭ്യമായതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിന്റെ കാരണം അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/6-11-2023) മറുപടിയായി, പാർസൽ ലഭ്യമായ സമയത്ത് 2304 എണ്ണം കുറവുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു എന്നും ആയത് ഹോംകോയെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ കിട്ടുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വനിതകൾക്ക് ആട് വിതരണം ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല

പ്രോജക്ട് -81/23വനിതകൾക്ക് ആട് വിതരണം

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ-800000 രൂപ (വികസനഫണ്ട് ജനറൽ-400000,
ഗുണഭോക്തൃവിഹിതം- 400000)

ചെലവ്- 320000 (വികസനഫണ്ട് ജനറൽ-160000,
ഗുണഭോക്തൃവിഹിതം- 160000)
ട്രഷറി ബിൽ നം.-10/24.1.23-70000
13/4.2.23-80000
16/21.2.23-10000
ചെക്ക് നം.-5830069/17.2.23-160000

പാലുത്പാദനവും മാംസ ഉത്പാദനവും വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ വനിതകൾക്ക് ആട് വിതരണം എന്ന പ്രോജക്ടിലൂടെ തെരെഞ്ഞെടുക്കപ്പെട്ട 16 ഗുണഭോക്താക്കൾക്ക് 2 വീതം പെണ്ണാടുകൾ പർച്ചേസിംഗ് കമ്മറ്റി മുഖാന്തിരം വാങ്ങി നൽകിയിട്ടുണ്ട്. ആട് ഒന്നിന് 10000 രൂപ (5000 വികസനഫണ്ട്,5000 ഗുണഭോക്തൃവിഹിതം) വിലയായി നൽകിയിട്ടുണ്ട്.എന്നാൽ വികസന ഫണ്ട് ചെലവ് ചെയ്ത് പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി ഗുണഭോക്താക്കൾ നിശ്ചിത കാലയളവിൽ ആടുകളെ വളർത്തുന്നുവെന്നും വിൽക്കുകയോ കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി ഗുണഭോക്താക്കളുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടിട്ടില്ല. സബ്സിഡി മാർഗരേഖ പ്രകാരം 25000 രൂപക്ക് കുറവ് ആനുകൂല്യം നൽകുമ്പോൾ കരാർ ചമക്കുന്നതിന് മുദ്രപത്രം ആവശ്യമില്ല എങ്കിലും വെള്ളക്കടലാസിൽ ഗുണഭോക്താക്കളുമായി കരാർ എഴുതി സൂക്ഷിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/7.11.23) വരും വർഷങ്ങളിൽ മേൽപ്രകാരം കരാർ എഴുതി സൂക്ഷിക്കുന്നതാണ്

എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിക്കായി ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-23 തൊഴിലുറപ്പ് പദ്ധതി അവലോകനം**

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 3870 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 1582പദ്ധതികളിൽ 217എണ്ണം നടപ്പാക്കി. ഇതിൽ 94 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 35എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

**1-24 കോക്ലിയാർ ഇംപ്ലാന്റേഷൻ-സാമൂഹ്യ സുരക്ഷമിഷന് തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

പ്രോജക്ട് -186/23 , സാമൂഹ്യ സുരക്ഷമിഷന് വിഹിതം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ,ചെലവ്-50000 രൂപ (വികസനഫണ്ട്)

ബിൽ നം.27/23.2.23 – 50000

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കാവ്യാ എസ് എന്ന കുട്ടിയുടെ ഇംപ്ലാന്റേഷൻ തുടർ മെയിന്റനൻസിനായി 50000 രൂപ സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്.പ്രസ്തുത തുക മേൽ ആവശ്യത്തിന് ഉപയോഗിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/7.11.23) വിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-25 എൻ ആർ ഇ ജി എസ് മെറ്റീരിയൽ പ്രവൃത്തികൾ-സപ്ലൈയറിൽ നിന്നും ജി എസ്ടി-ടിഡിഎസ് ഈടാക്കിയില്ല**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവൃത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ വിവിധ പ്രവൃത്തികൾക്കായി സാധനങ്ങൾ സപ്ലൈ

ചെയ്തതിന് GST രേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരന് ബിൽ തുക അനുവദിച്ചപ്പോൾ കരാറുകാരനിൽ നിന്നും 2% ജി.എസ്.ടി-ടി.ഡി.എസ് (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയില്ല.

കരാറുകാരൻ-രമേശ്

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | Work Name (Work Code) | ചെലവഴിച്ച തീയതി | ബിൽ തുക(₹) |
|---|---|---|---|
| 1. | കാരാട് മുതൽ മുതലക്കുളം വരെ റോഡ് കോൺക്രീറ്റ്, (1606010003/RC/351240) | 29.4.22 | 189252 |
| 2. | പുള്ളോട് താണിക്കാട് റോഡ് കോൺക്രീറ്റ്, (1606010003/RC /351244) | 9.5.22 | 188820 |
| 3. | കല്ലുംബക്ക അടവക്കാട് റോഡ് കോൺക്രീറ്റ് (1606010003/RC/351247) | 29.4.22 | 189470 |
| 4. | കക്കോട് അത്താണിപറമ്പ് കനാൽ റോഡ് കോൺക്രീററ് (1606010003/RC/351249) | 9.5.22 | 192630 |
| 5. | കിഴക്കുംകര മുതൽ അത്താണിപറമ്പ് വരെ റോഡ് കോൺക്രീററ് (1606010003/RC /351251) | 22.7.22 | 189052 |
| 6. | കുരാത്ത് മുതൽ കളറാഞ്ചി വരെ റോഡ് കോൺക്രീററ്(1606010003/RC /351252) | 29.4.22 | 187230 |
| 7. | കുമ്പളക്കാട് റോഡ് കോൺക്രീററിംഗ് (1606010003/RC/351255) | 28.4.22 | 90930 |
| 8. | താവളം മുതൽ ചണ്ടേക്കാട് വരെ റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351259) | 26.4.22 | 186830 |
| 9. | വെളുത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് (1606010003/RC /351262) | 9.5.22 | 103855 |
| 10. | പണ്ടാരപറമ്പ് തേക്കിൻതൊടി റോഡ് കോൺക്രീറ്റിംഗ്(1606010003/RC | 26.4.22 | 117170 |

| | | | |
|---|---|---|---|
| | /351263) | | |
| 11. | മണ്ണിൽ റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351264) | 26.4.22 | 186830 |
| 12. | ചെവ്വരി പാലാട്ട റോഡ് കോൺക്രീറ്റിംഗ്(1606010003/RC/ 351265) | 29.4.22 | 134810 |
| 13. | ചെവ്വരി റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351266) | 29.4.22 | 192630 |
| 14. | മൂച്ചിച്ചോട് മുതൽ പെരുമഞ്ചിറ റോഡ് വരെ റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351267) | 4.6.22 | 190170 |
| 15. | പുളീം ചുവട് റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351263) | 28.4.22 | 192630 |
| 16. | കുട്ടാല റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351268) | 26.4.22 | 186830 |
| 17. | കല്ലൂര് ഇല്ലം റോഡ് കോൺക്രീറ്റിംഗ്(1606010003/RC /351269) | 9.5.22 | 189832 |
| 18. | മാവുണ്ടത്തററോഡ് കോൺക്രീറ്റിംഗ്(1606010003/RC /351271) | 29.4.22 | 188310 |
| 19. | കരുവടത്തോടി വലിയ തൊടി റോഡ് കോൺക്രീറ്റിംഗ്(1606010003/RC /361064) | 26.4.22 | 191630 |
| 20. | മുല്ലപ്പള്ളി റോഡ് കോൺക്രീറ്റിംഗ്(1606010003/RC /362857) | 28.4.22 | 142230 |
| ആകെ തുക | | | 3430871 |

പ്രവൃത്തികൾക്കായി കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും ജി എസ് ടി-ടിഡിഎസ് 2% കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടും കരാറുകാരൻ ജി എസ് ടി അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/8.11.23) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. കരാറുകാരൻ ജി എസ് ടി അടവാക്കി എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-26 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല**

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട്-103/23 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

ചെലവ് - 500000 രൂപ (വികസനഫണ്ട് എസ് സി പി)

മങ്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഹൈസ്കൂൾ തലം മുതൽ ഹയർ സെക്കൻഡറി തലം വരെ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് പഠന ആവശ്യത്തിനായി 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറിയുടെ നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യവേഷൻ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി 2 ലക്ഷം രൂപ (50000 , 75000 ,75000)നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.
2022-23 സാമ്പത്തിക വർഷത്തിൽ നാല് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി രൂപീകരിച്ച മേൽ പദ്ധതി പ്രകാരം സാമ്പത്തിക വർഷത്തിൽ അക്ഷയഉണ്ണി, ആദർശ്, മീര, നന്ദന എന്നീ വിദ്യാർഥികൾക്ക് ആദ്യ രണ്ടു ഗഡുക്കൾ 125000 രൂപ വീതം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിൽ അവസാന ഗഡു നൽകിയിട്ടില്ല.

പ്രോജക്ട് ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ആദർശ്, നന്ദന എന്നീ രണ്ട് വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരിച്ച് അവസാന ഗഡു 2023-24 സാമ്പത്തിക വർഷത്തിൽ നൽകിയതായി കണ്ടെത്തി. എന്നാൽ മീര, അക്ഷയ ഉണ്ണി എന്നീ വിദ്യാർത്ഥികളുടെ പഠന മുറികൾ പൂർത്തീകരിച്ച് അവസാന ഗഡു അനുവദിച്ചിട്ടില്ല. 4 ഗുണഭോക്താക്കളുമായും നിർവഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും (ഡിസംബർ 2022), കരാറിൽ പണി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കിയിട്ടില്ല. വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/8.11.23) അക്ഷയ എന്ന വിദ്യാർത്ഥി പണി പൂർത്തീകരിച്ചതിനാൽ അവസാനഗഡു നൽകിയിട്ടുണ്ടെന്നും മീര എന്ന വിദ്യാർത്ഥിയുടെ പഠനമുറി പൂർത്തീകരിച്ചതായി അവർ അറിയിച്ചിട്ടുണ്ടെന്നും ബാക്കി തുക അടുത്ത ദിവസങ്ങളിൽ തന്നെ നൽകുമെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നിശ്ചിത കാലാവധിക്കകം പണികൾ പൂർത്തീകരിക്കേണ്ടതാണെന്ന നിബന്ധനകൂടി കരാറിൽ ഉൾപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കൾ പണികൾ പൂർത്തീകരിച്ച് പദ്ധതി പൂർത്തീകരിച്ചാൽ മോണിട്ടറിംഗ് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-27 അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറേണ്ടതാണ്**

അസി.എഞ്ചിനിയറുടെ പേരിൽ പാലക്കാട് സിവിൽ സ്റ്റേഷൻ ബ്രാഞ്ച് SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37365334956) 12.7.2023 ന് 73146/- രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/7-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

**1-28 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്**

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 281 വീതം കണക്കാക്കി ആകെ 43321/- രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ ഉൾപ്പെടുന്ന ജി.എസ്.ടി കേന്ദ്ര-സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം (നം. 9/7-11-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നു

സി.ജി.എസ്.ടി ആക്ട്, 2017, കെ.ജി.എസ്.ടി ആക്ട്, 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ നിന്നും 1% വീതം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള താഴെ പറയുന്ന ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുണ്ട്.

1) പ്രൊ.നം.17/23-മാവുണ്ടത്തറ കിണർ മെയിന്റനൻസ്

അടങ്കൽ - 120000/-

APAC- 101446/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 26/26.12.2022

കരാറുകാരൻ- ശ്രീ.അബ്ദുൾ ഖാദർ

അളവു പുസ്തകം നം. 5559/2022/ 12 1 1

തൻവർഷത്തെ ചെലവ് - 103530/- (വൗ.നം.XVFC/22-23/P/44/17.3.23

ടി.ഡി.എസ് തുക – 1756/- രൂപ

2) പ്രൊ.നം.14/23-കല്ലൂർ പത്തായതൊടി കിണർ മെയിന്റനൻസ്

അടങ്കൽ - 150000/- CFC

APAC- 127106/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 25/26-12-22

കരാറുകാരൻ- ശ്രീ.അബ്ദുൾ ഖാദർ

ഇ അളവു പുസ്തകം നം. 27129/2022 – 5 1 1

തൻവർഷത്തെ ചെലവ് - 149985/- (വൗ.നം.43/17.3.23)

ടി.ഡി.എസ് തുക – 2544/- രൂപ

3) പ്രൊ.നം.190/23-കുനിയംപാടം ആശ്രമം റോഡ് നിർമ്മാണം

അടങ്കൽ - 210000/- CFC

APAC - 177825/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 59/24-2-23

കരാറുകാരൻ- അബ്ദുൾ മുത്തലീഫ്.വി.എ.

അളവു പുസ്തകം നം. 8104/2023/ 5 1 1

തൻവർഷത്തെ ചെലവ് - 209834/-

(Sanction No.264/22.3.23)

ടി.ഡി.എസ് തുക – 3558/- രൂപ

4) പ്രൊ.നം.191/23-കുനിയംപാടം കാജാ ഹുസൈൻ റോഡ്

നിർമ്മാണം

അടങ്കൽ - 150000/- -CFC

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 58/24.2.23

എ.പി.എ.സി - 126304/-

കരാറുകാരൻ- അബ്ദുൾ മുത്തലീഫ്.വി.എ.

ഇ അളവു പുസ്തകം നം. 8902/2023 5 1 1

തൻവർഷത്തെ ചെലവ് - 149039/-(Snction No.263/22.3.23)

ടി.ഡി.എസ് തുക – 2528/- രൂപ

കരാറുകാർക്ക് ഫൈനൽ ബിൽ നൽകുമ്പോൾ രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയതിന്മേലുള്ള ഓഡിറ്റ് അന്വേഷണം(നം.22/9.11.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കുകയോ, സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുകയോ ചെയ്യുന്നില്ല

2020-21, 21-22 സാമ്പത്തിക വർഷം കരാർ ചമച്ച് നിർവ്വഹണം ആരംഭിച്ച താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ ഘട്ടം ഘട്ടമായി തുടർ വർഷങ്ങളിൽ നടപ്പാക്കിയെങ്കിലും അവ നിലവിലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളുടെ എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തുന്നില്ല. കെ.എസ്.ഇ.ബി യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. കുട്ടാല കുടിവെള്ളപദ്ധതി**

1-ാം ഘട്ടം -2021-22 – പ്രൊജക്ട് നം-S0190/22-

783000-CFC

ചെലവ് - 770481/-

കരാർ - 30/21-22/17.12.21

കരാറുകാരൻ -ശ്രീ.രമേഷ്.വി.ആർ.

എം-ബി - 39/21-22

ഗ്രാമപഞ്ചായത്തിലെ കുട്ടപ്പുര പ്രദേശത്ത് നിർവ്വഹിക്കുവാൻ ഉദ്ദേശിച്ച മേൽ പദ്ധതിയിൽ തുറന്ന കിണർ കുഴിക്കൽ,പാരപ്പറ്റ് നിർമ്മാണം, ഗ്രിൽ, യീൽഡ് ടെസ്റ്റ്, ഇലക്ട്രിക്കൽ കണക്ഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KSEB Connection ന് നിലവിലെ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും അധികരിച്ച് വരുന്നതിനാൽ നിലവിലുള്ള അടങ്കൽ തുകയിൽ നിന്നും വ്യതിയാനം കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.(തീരുമാനം നം-1(6)/22.1.22)

2-ാം ഘട്ടം -2022-23 – പ്രൊജക്ട് നം-12/23-

805300/- CFC

ചെലവ് - 804660/-

കരാർ - 39/22-23/3.02.23

എം-ബി - 22165/2022 5 1 1 /22-23

2-ാം ഘട്ടത്തിൽ നിലവിലുള്ള തുറന്ന കിണറിൽ 5 എച്ച്.പി.സബ്മേർസിബിൾ മോട്ടോർ, RCC സ്റ്റേജ്,വാട്ടർ ടാങ്ക്, പൈപ്പ് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആദ്യ പ്രൊജക്ടിലെ എസ്റ്റിമേറ്റിൽ മോട്ടോർ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി തയ്യാറാക്കി നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ സമയബന്ധിതമായ പ്രയോജനം ഉറപ്പാക്കാൻ സാധിക്കുമായിരുന്നു. 17.12.21 ന് എഗ്രിമെന്റ് വെച്ച് തുടങ്ങിയ പദ്ധതിയുടെ നിലവിലെ സ്ഥിതിയും ജനങ്ങൾക്ക് കുടി വെള്ളം ലഭ്യമാകുന്നുണ്ടോ എന്നതും കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടോ എന്നുള്ള വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. പുന്നേക്കാട് കുടിവെള്ളപദ്ധതി**

1-ാം ഘട്ടം -2021-22 – പ്രൊജക്ട് നം-S0201/22

അടങ്കൽ 583000/- CFC

ചെലവ് 545181/-

കരാർ - 67/21-22/2.3.2022

കരാറുകാരൻ - ശ്രീ.വി.എ.അബ്ദുൾ മുത്തലീഫ്

എം.ബി - 44/21-22

ഒന്നാം ഘട്ടത്തിൽ 6-ാം വാർഡിലെ പുന്നക്കാട് ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി തുറന്ന കിണർ കുഴിക്കുന്നതിനും, പാരപ്പറ്റ്, ഗ്രിൽ, പ്ലാറ്റ്ഫോം എന്നിവ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

2-ാം ഘട്ടം -2022-23 – പ്രൊജക്ട് നം-13/23

അടങ്കൽ 900000/- CFC

ചെലവ് 649179/-

കരാർ - 45/22-23/3.2.2023

കരാറുകാരൻ - ശ്രീ.വി.എ.അബ്ദുൾ മുത്തലീഫ്

ഇ-എം.ബി - 15258/2022/12 1 1

രണ്ടാം ഘട്ടത്തിൽ കഴിഞ്ഞ വർഷം കുഴിച്ച തുറന്ന കിണർ പദ്ധതിയിൽ RCC ഓവർ ഹെഡ് ഫ്ലാറ്റ് ഫോം, 10000 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

3-ാം ഘട്ടം പ്രൊജക്ട് നം-S0137/23

അടങ്കൽ - 300000-CFC

കരാർ - 71/22-23/27.2.2023

ചെലവ് - 299905/-

ഇ-എം.ബി -4441/2023

കരാറുകാരൻ - ശ്രീ.അബ്ദുൾ ഖാദർ

3-ാം ഘട്ടത്തിൽ മേൽ കുടിവെള്ള പദ്ധതിയിൽ പൈപ്പ് ലൈൻ വിപുലീകരണത്തിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

4-ാം ഘട്ടം പ്രൊജക്ട് നം-S0173/23 അനുബന്ധ സൗകര്യമൊരുക്കൽ

അടങ്കൽ - 340000-CFC

കരാർ - 70/22-23/27.2.2023

ചെലവ് - 339558/-

ഇ-എം.ബി -93222/2022/ 5 11

കരാറുകാരൻ - ശ്രീ.അബ്ദുൾ ഖാദർ

4-ാം ഘട്ടമായി നിർവഹിക്കുന്ന ഈ പദ്ധതിയിൽ പൈപ്പ് ലൈനും 5 എച്ച്.പി. മോട്ടോർ പമ്പ് സെറ്റും ഉൾപ്പെടുന്നു.

2.3.22 ന് കരാറൊപ്പിട്ട പദ്ധതിയുടെ 4 -ാം ഘട്ടം പൂർത്തിയായിരിക്കുന്നത് 13.7.23 നാണ്. പദ്ധതി പൂർത്തിയാക്കിയ വിവരവും ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമായ വിവരം, ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3. മങ്കര ആർ.എസ്. കുടിവെള്ള പദ്ധതി**

പ്രോ.നം.189/22 ( 139/23 സ്പിൽ ഓവർ )

അടങ്കൽ - 850000-CFC

കരാർ - 24/21-22/10.12.21

ചെലവ് - 764011/-

എം.ബി -31/2021-22

കരാറുകാരൻ - ശ്രീ.മുഹമ്മദ് ബഷീർ.സി.എം.

ഗ്രാമപഞ്ചായത്തിലെ റെയിൽവേ സ്റ്റേഷൻ, മങ്കര സ്കൂൾ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന പദ്ധതിയിൽ ബോർവെൽ, RCC സ്റ്റോറേജ്, വാട്ടർ ടാങ്ക്, സ്റ്റീൽ സ്റ്റെയർ, മോട്ടോർ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, ഇൻവെസ്റ്റിഗേഷൻ ചാർജ്, കെ.എസ്.ഇ.ബി. ചാർജ്, യീൽഡ് ടെസ്റ്റ് എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. 3 ഫേസ് കണക്ഷനുവേണ്ടിയുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. മേൽ പദ്ധതികളിൽ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/8.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ-1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ

നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012/PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ജി.ഒ (എം.എസ്) 84& 86/2022/ത.സ്വ.ഭ.വ /19.04.2022 പ്രകാരം കുടിവെള്ള പ്രൊജക്ടുകളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഗുണഭോക്തൃ സമിതികളുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ നടപ്പാക്കുവാൻ കഴിയുന്നില്ലെങ്കിൽ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനു പകരം പദ്ധതികൾ സമഗ്രമായി തയ്യാറാക്കി ബഹു വർഷ പ്രൊജക്ടുകളായി രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2022-23 | 2.11.2023 മുതൽ 10.11.2023വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 210000 | 79/23-നെൽകൃഷി വികസനം വനിത | 210000 | 0 |
| | | 967470 | 39/23-നെൽകൃഷി വികസനം | 967470 | 0 |
| | | 627630 | 86/23-ലൈഫ് മിഷൻ ഭവന നിർമാണം ജനറൽ | 627630 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1400000 | 100/23-ലൈഫ് മിഷൻ ഭവന നിർമാണം എസ് സി പി | 1400000 | 0 |
| | | 175000 | 44/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| | | 200000 | 155/23- കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (എസ്.സി) | 200000 | 0 |
| | | 100000 | 110/23-പാലിന് സബ്സിഡി | 100000 | 0 |
| | ആകെ | 3680100 | | 3680100 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 250358 | 79/23-നെൽകൃഷി വികസനം വനിത | 250358 | 0 |
| | | 934850 | 39/23-നെൽകൃഷി വികസനം | 934850 | 0 |
| | | 428585 | 86/23-ലൈഫ് മിഷൻ ഭവന നിർമാണം ജനറൽ | 428585 | 0 |
| | | 35000 | 44/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 35000 | 0 |
| | | 50000 | 111/23പാലിന് സബ്സിഡി(എസ്.സി) | 50000 | 0 |
| | | 150000 | 110/23-പാലിന് സബ്സിഡി | 150000 | 0 |
| | ആകെ | 1848793 | | 1848793 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നല്കിയത്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 91/23-തെരുവുവിളക്ക് -സ്ട്രീറ്റ് ലൈൻ വലിക്കൽ -തുടർച്ച | ബിൽ നം 23/ 16/3/2023 | 366001 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷത്തിൽ വായ്പയെടുത്തിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | LF 511/2018 /23.02.2018 | 13296401 | 10144401 | 1276328 | - | 8868073 |

* ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും 13296401 രൂപ വായ്പയെടുത്തതിൽ,വികസനഫണ്ട് ജനറൽ നിന്നും 1021648രൂപയും, എസ്.സി.പിയിൽ നിന്നും256480രൂപയും ഉൾപ്പെടെ 1276328 രൂപ തൻവർഷത്തിൽ സ്രോതസ്സിൽനിന്നും കുറവ് ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22893 (8000+14893) രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-3 | 2500 | രമേഷ് .സി, കോൺട്രാക്ടർ | 12203033121/ 10-2-23 |
| 2015-16 | 2-3 | 960 | മാനേജർ, ഡൈനാമിക്ക് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220303164/ 10-2-23 |
| 2015-16 | 2-3 | 960 | മാനേജർ ഡൈനാമിക്ക് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220303165/ 10-2-23 |
| 2015-16 | 2-3 | 2500 | മുഹമ്മദ് ബഷീർ തരുവക്കോട്, മങ്കര | 1220303166/ 14-2-23 |
| 2021-22 | ഓഡിറ്റ് എൻക്വയറി 12 | 1080 | സുനീർ എം എ വെസ്റ്റേൺ എന്റർപ്രൈസസ് | 1220303354/ 23-2-23 |
| 2019-20 | 3-1 | 3934 | ജയദേവൻ കെ കോൺട്രാക്ടർ | 1220300363/ 06-08-2022 |
| 2019-20 | 3-1 | 5901 | രമേഷ്.വി.ആർ , | 1220300372/ |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | 08-08-2022 |
| 2019-20 | 3-1 | 5058 | പി.സി.വാസുദേവൻ, കോൺട്രാക്ടർ | 1220100415/ 10-08-2022 |
| | ആകെ | 22893 | | |

Penalties &Fines എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന തുകകൾ കൂടി ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള തുടർനടപടിയായി ഈടാക്കിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 2020-21 | ഓഡിറ്റ് എൻക്വയറി 2 | 3539 | ബിനുക്കുട്ടൻ.ജി കോൺട്രാക്ടർ | 1220300169/29-6-22 |
| 2020-21 | ഓഡിറ്റ് എൻക്വയറി 2 | 14206 | രമേഷ്.വി.ആർ കോൺട്രാക്ടർ | 1220300174/29-6-22 |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത | നിലവിൽ സമിതിയുടെ പരിഗണനയിൽ ആണ്. |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 1,64,98,949 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,21,46,528 |
| ആകെ | 4,86,45,477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,99,70,267 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക –** ഒന്നുമില്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | | ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലനില്ക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ .എഫ്.പി17-973/18/9.10.18 അദാലത്ത് | 1 |
| 2009-10 | KSA PKD-17/364 /2022(4)22.10.2022 (അദാലത്ത്) | 1 |
| 2012-13 & 2013-14 | KSA PKD-17/1595 /2021/07.12.2022 (അദാലത്ത്) | 3 |
| 2015-16 | KSA PKD-17/1594 /2021/26.10.2022 (അദാലത്ത്) | 2 |
| 2016-17 | KSA PKD-17-35/2022 /26.10.22 | 5 |

| | | |
|---|---|---|
| | (അദാലത്ത്) | |
| 2017-18 | KSA PKD-17/95/2022 തീ.26.10.22(അദാലത്ത്) | 5 |
| 2018-19 | KSA PKD-17/1597 /26.10.2022(അദാലത്ത്) | 6 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി 17-929/2022/17.06.2022 | 31 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി 17-1448/22 /08.07.22 | 21 |
| 2021-22 | നം.കെ.എസ്.എ.പി.കെ.ഡി 17-21/23 /04.02.23 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8 dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mankara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mankara Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Mankara Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1. Difference In Cash Flow Statement.

As per cash flow statement "Net increase/decrease in cash and cash equivalents of 2022-23 is 21,76,261/- .

But in the same statement "Net cash generated by Operating+Investing+Financing Activity is shown as 16162574/-.

Eventhough the figures should match. There exists difference.

2. Demand Entries Not Done in time

Demand not done intime for the items required accrual entry.

Eg. property tax receivables, Profession Tax Employees

3. Provisions In Balance Sheet (B10) Is Not Given

Eventhough Tax amounts are shown under sundry debtors receivables, necessary provisions in balance sheet (B10) is not given.

4. Balance of Share received from other institutions as per B4 Schedule is not traceble to B17 Schedule.

5. Basic Ratios and notes to accounts are not Included In The Annual Financial Statement

Basic ratios and notes to accounts are not included in the annual financial statements as required under Rule 62( e, f) of

KPR Account Rules 2011.

6. Asset Register Is Not Updated And Linked To ILGMS

7. Registers Are Not Maintained properly

Profession tax demand Register, Permit Register, Deposit Register and Advance Register are not maintained properly.

8. Difference in Rent Arrear Amount

As per Rent register the rent arrear amount is NIL. But as per AFS the rent arrear amount is Rs.21665/-

9. Difference in Property Tax Arrear Amount

As per Sanchaya Software the Property Tax arrear amount for non residential buildings is Rs.1,03,492/-. But as per AFS the arrear

amount is Rs. 93,622/-

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

| Mankara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16413919.00 |
| Cash | Cash | RP-40(a) | 85030.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 856620.00 |
| 130000000 | Rental income from Panchayat Properties | RP-3 | 779500.00 |
| 140000000 | Fees & User Charges | RP-4 | 579211.00 |
| 150000000 | Sale & Hire Charges | RP-5 | 266491.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9549193.00 |
| 171000000 | Interest Earned | RP-9 | 8.00 |
| 190000000 | Prior Period Income | RP-11 | 23300.00 |
| 210000000 | Establishment Expenses | RP-12 | 14400.00 |
| 230000000 | Operations & Maintenance | RP-14 | 1240.00 |
| 311000000 | Earmarked Funds | RP-28 | 92000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14229666.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3910805.00 |
| 460000000 | Loans, Advances and Deposits | RP-49 | 77580.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 29303.00 |
| 340000000 | Deposits Received | RP-33 | 604555.00 |
| 350000000 | Other Liabilities | RP-35 | 1132656.00 |
| | **Grand total** | | **48645477.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 381927.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2626195.00 |
| 460000000 | Loans, Advances and Deposits | RP-49 | 1526705.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 504061.00 |
| 350000000 | Other Liabilities | RP-35 | 24931379.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 18675210.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **48645477.00** |

(2)

| Mankara Grama Panchayat INCOME & EXPENDITURE STATEMENT |
|---|

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4353899.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 826762.00 |
| 140000000 | Fee & User Charges | I-4 | 953231.00 |
| 150000000 | Sale & Hire Charges | I-5 | 290851.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 110452306.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 8.00 |
| 180000000 | Other Income | I-9 | 29303.00 |
| 190000000 | Prior Period Income | I-19 | 23300.00 |
| | **Total Income** | | **116906360.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10878410.00 |
| 220000000 | Administrative Expenses | I-11 | 934052.00 |
| 230000000 | Operations & Maintenance | I-12 | 1359556.00 |
| 240000000 | Interest & Finance Charges | I-13 | 1812.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5749173.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23090006.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7051556.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 26313721.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 33655689.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 58797.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **109092772.00** |
| | **Gross Surplus / Deficit of income over Expenditure** | | **7813588.00** |
| | **Gross Surplus / Deficit of income over Expenditure** | | **6978736.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -858152.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-834852.00** |

(3)

| Mankara Grama Panchayat BALANCE SHEET As on 31.3.2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 18401338.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 211544.00 |
| 312000000 | Reserves | B-3 | 45257388.00 |
| | **Total Reserve & Surplus** | | **63870270.15** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16493279.00 |
| | **Total Grants, Contributions for Specific Purposes** | | **16493279.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8868073.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **8868073.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1088117.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2473675.85 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3561792.85** |
| | **TOTAL LIABILITIES** | | **92793415.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 626444.00 |
| 412000000 | Capital Work in Progress | B-11(b) | 2231040.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1260097.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11469939.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 60590039.00 |

| | | | |
|---|---|---|---|
| 416000000 | Accumulated Depreciation | B-11(a) | -17373287.00 |
| | **Total Fixed Assets** | | **58804272.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 47830.00 |
| 431000000 | Sundry Debtors (Receivables) | B-15 | 3244972.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 8868073.00 |
| 450000000 | Cash and Bank Balance | B-17 | 18675210.00 |
| 460000000 | Loans, Advances and Deposits | B-18 | 3153058.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **33989143.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **92793415.00** |

ഡെപ്യൂട്ടി ഡയറക്ടർ